മാതൃഭൂമി
17 February 2017

# മീനുകളെ തിരിച്ചറിയാൻ മൊബൈൽ ആപ്പ് വരുന്നു

കൊച്ചി: പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) മീനുകളെ തിരിച്ചറിയാനുള്ള മൊബൈൽ ആപ്പ് പുറത്തിറക്കുന്നു.




പവിഴപ്പുറ്റുകളുമായി ബന്ധപ്പെട്ട 368 അലങ്കാര, ഭക്ഷ്യ മത്സ്യയിനങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതാണ് ആപ്പ്.

ശനിയാഴ്ച 2.30 ന് സി.എം.എഫ്.ആർ.ഐ.യുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനച്ചടങ്ങിൽ ഗവർണർ പി. സദാശിവം ആപ്പ് ഔദ്യോഗികമായി പുറത്തിറക്കും. അതിനുശേഷം, ആപ്പ് സി.എം.എഫ്.ആർ.ഐ.യുടെ വെബ് സൈറ്റിൽ നിന്ന് (www.cmfri.org.in) ഡൗൺലോഡ് ചെയ്യാം.

വിദേശനാണ്യ മൂല്യമുള്ള കലവ വിഭാഗങ്ങളിൽപ്പെട്ട മത്സ്യങ്ങൾ കൂടുതലായി കാണപ്പെടുന്നത് പവിഴപ്പുറ്റുകളുമായി ചേർന്നാണ്. ഇത്തരം മീനുകളുടെ ഇനം തിരിച്ചുള്ള വിപണനം രാജ്യാന്തര വാണിജ്യ മേഖലയിൽ പ്രാധാന്യമുള്ളതാണ്. കാഴ്ചയിൽ ഒരുപോലിരിക്കുന്ന ഇത്തരം മീനുകളെ തിരിച്ചറിയേണ്ടത് കയറ്റുമതി വ്യാപാരത്തിന് അനിവാര്യമാണ്. കടൽമീനുകൾ കയറ്റുമതി വ്യാപാരം നടത്തുന്നവർക്ക് മൊബൈൽ ആപ്പ് ഗുണകരമാകും.

ഇൻറർനെറ്റ് കണക്ഷൻ ഇല്ലാതെ തന്നെ ഉപയോഗിക്കാവുന്ന രീതിയിലാണ് ആപ്പ് രൂപപ്പെടുത്തിയിട്ടുള്ളത്. വാണിജ്യാടിസ്ഥാനത്തിൽ വിപണിയിൽ നിന്ന് മത്സ്യം വാങ്ങുന്ന ഉപഭോക്താക്കൾക്കും മീനുകളെ പെട്ടെന്ന് തിരിച്ചറിയാൻ ഇത് ഉപകരിക്കും. വികസിപ്പിച്ചത് സി.എം.എഫ്.ആർ.ഐ.യിലെ അടിത്തട്ട് മത്സ്യവിഭാഗം പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. രേഖ ജെ. നായർ ആണ്.